**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4288** **18-03-2025 - ൽ മറുപടിയ്ക്ക്**

**ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപ സംഗമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപ സംഗമത്തിലെ തീരുമാനങ്ങളും ധാരണകളും സമയബന്ധിതമായി നടപ്പിലാക്കുവാൻ വ്യക്തമായ ഘടനയുള്ള സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | കേരളത്തിന്റെ ഉത്തരവാദിത്ത വ്യാവസായിക വളർച്ചയ്ക്ക് കൂടുതൽ ഊർജ്ജവും ദിശാബോധവും ഉറപ്പാക്കി വ്യാവസായിക സൗഹാർദ്ദാന്തരീക്ഷം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് -2025, ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ നടത്തുകയും പ്രസ്തുത ഉച്ചകോടിയിൽ 419ൽ പരം താല്പര്യ പത്രങ്ങളിലൂടെ 1,65,928 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തേക്ക് ആകർഷിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത സമ്മിറ്റിൽ ലഭിച്ച നിക്ഷേപതാൽപര്യങ്ങളെ നിക്ഷേപങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിപുലമായ ഒരു റോഡ് മാപ്പ് രൂപീകരിച്ചിട്ടുണ്ട്. സമ്മിറ്റിൽ ലഭ്യമായ എല്ലാ താൽപര്യപത്രങ്ങളും വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. ഉടൻ ആരംഭിക്കുവാൻ സാധിക്കുന്നത്, നിശ്ചിത സമയത്തിനുള്ളിൽ ആരംഭിക്കുവാൻ സാധിക്കുന്നത് എന്നിങ്ങനെ താൽപര്യപത്രങ്ങളെ തരം തിരിക്കും. വ്യവസായവുമായി ബന്ധപ്പെട്ട് ലഭ്യമായ പ്രോജക്ടുകളിൽ 50 കോടിക്ക് താഴെയുള്ള സംരംഭങ്ങളിൽ ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസിന്റെ നേതൃത്വത്തിൽ ടീമിനെ രൂപീകരിച്ച് സൂക്ഷ്മ പരിശോധന നടത്തുന്നതാണ്. 50 കോടിക്ക് മുകളിലുള്ളവയുടെ നോഡൽ ഓഫീസറായി സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രവർത്തിക്കും. ഇവയെ ഏഴ് മേഖലകളാക്കി തിരിക്കുകയും ഏഴ് മേഖലകളിൽ മാനേജർമാർക്ക് കീഴിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 7 ഗ്രൂപ്പുകൾ രൂപീകരിക്കുകയും ചെയ്യും. ഏഴ് ഗ്രൂപ്പിനും ഉപയോഗിക്കാൻ കഴിയാവുന്ന വിധത്തിൽ മേഖല തിരിച്ച് 12 വിദഗ്ധരെയും |

| | | | |
|---|---|---|---|
| | | | നിയമിക്കും. പ്രത്യേകമായുള്ള ഡാഷ്ബോർഡിലൂടെ സാധ്യമായ എല്ലാ വിവരങ്ങളും പൊതുജനങ്ങൾക്കും ലഭ്യമാക്കും.<br><br>ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ സമർപ്പിക്കപ്പെട്ട പ്രോജക്ടുമായി ബന്ധപ്പെട്ട അനുമതികൾ വേഗത്തിൽ ലഭ്യമാക്കാൻ ചീഫ് സെക്രട്ടറി തലത്തിൽ സെക്രട്ടറി തല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ നേതൃത്വത്തിൽ ആയിരിക്കും അനുമതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഏകോപനം നടത്തുന്നത്.<br><br>സമ്മിറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാക്കിയിട്ടുണ്ട്. സമ്മിറ്റിന്റെ നിർദ്ദേശം കണക്കിലെടുത്ത് വ്യവസായിക ആവശ്യങ്ങൾക്ക് നൽകാൻ കഴിയുന്ന ഭൂമി ആരുടെയെങ്കിലും കൈവശമുണ്ടെങ്കിൽ അത്തരം ഭൂമിയുടെ വിവരങ്ങൾ കൂടി ആപ്പിൽ ലഭ്യമാകും. ഭൂമി ആവശ്യമായ വ്യവസായികൾ ആപ്പ് വഴി നേരിട്ട് ബന്ധപ്പെടാവുന്നതാണ്. കിൻഫ്ര, കെ.എസ്.ഐ.ഡി.സി, സർക്കാർ എസ്റ്റേറ്റുകൾ, സർക്കാർ അംഗീകൃത സ്വകാര്യ ഇൻഡസ്ട്രിയൽ പാർക്കുകൾ എന്നിവയുടെ വിവരങ്ങൾ കൂടി ആപ്പിൽ ലഭ്യമാക്കും. ഒപ്പം പ്രൈവറ്റ് ഇന്റസ്ട്രിയൽ പാർക്കുകളുടെയും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളുടെയും ഭൂമി ലഭ്യതയും ഈ ആപ്പിൽ ലഭ്യമാക്കും. നിയമപരമായി നടത്താൻ സാധിക്കുന്ന എല്ലാ താൽപര്യപത്രങ്ങളും എത്രയും പെട്ടെന്ന് തന്നെ പ്രായോഗികമാക്കാൻ ആണ് സർക്കാർ ശ്രമിക്കുന്നത്. പ്രായോഗികമായി പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ പരിഹരിക്കുന്നതിനായി പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ രണ്ടാഴ്ച കൂടുമ്പോഴും ബഹു. വ്യവസായ മന്ത്രിയുടെ നേതൃത്വത്തിൽ എല്ലാമാസവും പദ്ധതി പുരോഗതി അവലോകന യോഗം ചേർന്ന് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ